പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4218 27/06/2013 ൽ മറുപടിയ്ക്ക്

## സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. ബേബി :<br>ശ്രീ. എ.എം. ആരിഫ് :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്കൂൾ വർഷാരംഭ ത്തോടനുബന്ധിച്ച് എന്തെല്ലാം തയ്യാറെടുപ്പുകളാണ് സർക്കാർ നടത്തി യിരുന്നത് ; | (എ) എസ്സ്.എസ്സ്.എ. മുഖേന സംസ്ഥാനത്ത് സ്കൂൾ വർഷാരംഭത്തിൽ 2012-13 സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് ഉപയോഗിച്ച് 560 എൽ.പി. കെട്ടിടങ്ങളുടെയും, 537 യു.പി. കെട്ടിടങ്ങളുടെയും അറ്റകുറ്റ പണികൾ പൂർത്തീകരിച്ചു. കൂടാതെ 1030 സി.ഡബ്ല്യു.എസ്.എൻ. ടോയ ്ലറ്റുകളുടെയും, 682 പൊതു ടോയ്ലറ്റുകളുടെയും 32 കുടിവെള്ള പദ്ധതികളുടെയും പണികൾ പൂർത്തീകരിച്ചു.<br><br>2012-13 സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതം ഉപയോഗിച്ച് 212 സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിൽ 658 ലക്ഷം രൂപാ ചെലവിൽ ലബോറട്ടറി ഉപകരണങ്ങൾ വിതരണം ചെയ്തു. കൂടാതെ 3116 ലക്ഷം രൂപാ 660 സ്കൂളുകൾക്ക് ടോയ്ലറ്റ്, മൂത്രപ്പുര, കുടിവെള്ള സൗകര്യം ഒരുക്കൽ എന്നിവ ഏർപ്പെടുത്തുന്നതിനായി വിനിയോഗിച്ചു.<br><br>പുതിയ സ്കൂൾ വർഷാരംഭത്തിന്റെ മുന്നോടിയായി സംസ്ഥാനത്തെ വി.എച്ച്.എസ്.ഇ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം |

ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 377 ലക്ഷം രൂപാ പ്രസ്തുത പദ്ധതി നടപ്പിലാക്കു ന്നതിനുവേണ്ടി എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ "ഡിമാന്റ് ഡ്രാഫ്റ്റ്" കളാക്കി അയച്ചു കൊടുത്തു കഴിഞ്ഞു. കൂടാതെ, 2012-13 സാമ്പത്തിക വർഷത്തിൽ തന്നെ സംസ്ഥാനത്തെ രണ്ട് ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി അനുവദിച്ച 1,88,20,565/- (ഒരു കോടി എൺപത്തിയെട്ട് ലക്ഷത്തി ഇരുപതിനായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ച് രൂപാ മാത്രം) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കു ന്നതിനുവേണ്ടി "ഡിമാന്റ് ഡ്രാഫ്റ്റായി" മലപ്പുറം ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

| | |
|---|---|
| ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ കഴി ഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ ; | (ബി) പൂർണ്ണ തോതിൽ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| സി) സർക്കാർ വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഒരുക്കാതെ യിരിക്കുന്നത് വേണ്ടത്ര ഫണ്ട് ലഭിയ്ക്കാത്തതിനാലാണെന്ന കാര്യം അറിവുള്ളതാണോ; | (സി) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രാഥമിക സൗകര്യങ്ങൽ ഒരുക്കിയിട്ടുണ്ട്. |
| ഡി) കാലവർഷം ശക്തമായിരിക്കുന്ന അവ സ്ഥയിൽ സ്കൂൾ കെട്ടിടങ്ങൾ ബല പ്പെടുത്തുന്നതിനും പ്രാഥമിക സൗകര്യ ങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കാമോ ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ